# അന്ത്യോദകം

സുദർശനകുമാർ വടശേരിക്കര

പോയ വർഷമേ നിന്റെ പട്ടടത്തീയിൽ നിന്നും
ഇന്നു ഞാനൊരു ദീപം കത്തിച്ചു വച്ചീടട്ടെ
വായുവേഗത്തിൽപ്പാഞ്ഞ നിന്നുടെ തോളത്തേറി
ഞാൻ ചരിച്ചപ്പോളറിഞ്ഞീലയാവേഗം തെല്ലും
എത്രയും അലസനായ് കടിഞ്ഞാണയച്ചു ഞാൻ
ഉഗ്രവേഗത്തിൽപ്പാഞ്ഞു കിതയാൽ നീ തുപ്പുമ്പോൾ
ചാട്ടയാലടിച്ചു നിൻ മുതുകിൽ വ്രണം തീർക്കാൻ
മാത്രമേ കഴിഞ്ഞുള്ളൂ എന്നു ഞാനറിയുന്നൂ

നിന്നുടെ തോളത്തേറി താണ്ടിയ വഴികളിൽ
ചുഴലിയടിച്ചതും പൊടിയാൽ നിറഞ്ഞതും
അന്നു ഞാനറിഞ്ഞില്ല; പിന്തിരിഞ്ഞതുമില്ല
മുന്നിലെ വഴിത്താര മാത്രമേ ദർശിച്ചുള്ളൂ
നിന്റെ നിശ്വാസത്തിൽപ്പെട്ട,ന്നെന്നത്രപേർ പറന്നുപോയ്!
നിന്റെ കാലടിയേറ്റിട്ടെത്രപേർ മരിച്ചുപോയ്!

നിന്റെ വേഗതയാൽ ഇന്നെനിയ്ക്കോ നഷ്ടം..
മമ ജീവിതയാത്രയ്ക്കന്ത്യം പൂകുവാനൊരു വർഷം!
ചത്തു നീ കിടക്കിലും നിന്നുടെ ജഡത്തിലെ
വ്രണത്തിൽ പുഴുക്കളും ഈച്ചയും ജീവിക്കുന്നൂ.
ആ വ്രണം പരത്തുന്ന ദുർഗ്ഗന്ധം ശ്വസിച്ചെന്റെ
ശ്വാസകോശങ്ങൾ രോഗഗ്രസ്ഥമായ്ത്തീർന്നീടുന്നൂ
നീ വീണുമരിച്ചപ്പോൾ പുതുവർഷത്തെപ്പൂട്ടി
തേരൊരുക്കുന്നൂ.. വീണ്ടും യാത്രഞാൻ തുടരുന്നൂ..
ജീവിതരഥം പുത്തൻ വാജികൾ വലിക്കുമ്പോൾ
ഇനിയും വഴിയോരക്കാഴ്ചകൾ കണ്ടീടുമ്പോൾ
നീ ഉയർത്തിയ കാറ്റു കൊടുങ്കാറ്റായിത്തീരും
എങ്കിലും മമ ഹൃത്തിൽ നിന്നോർമ്മ മരിച്ചുപോം
പോയവർഷമേ നിനക്ക് എന്നന്ത്യോദകമായീ–
പട്ടടത്തീയിൽ നിന്നു തിരി ഞാൻ കൊളുത്തട്ടെ!